ICPS4(B)/8413/17

ഐ.സി.പി.എസ്
സാമൂഹ്യ നീതി വകുപ്പ്
പൂജപ്പുര
തിരുവനന്തപുരം
തീയതി:06/05/2017

## റീടെണ്ടർ നോട്ടീസ്

സംയോജിത ശിശു സംരക്ഷണ പദ്ധതിയുടെ സംസ്ഥാന ഘടകമായ തിരുവനന്തപുരത്ത് പ്രവർത്തിക്കുന്ന സ്റ്റേറ്റ് ചൈൽഡ് പ്രൊട്ടക്ഷൻ സൊസൈറ്റിയുടെ (SCPS) ഉപയോഗത്തിനായി 01/06/2017 മുതൽ 31/03/2018 വരെയുള്ള കാലയളവിൽ കരാർ അടിസ്ഥാനത്തിൽ ഒരു A/C കാർ വാടകയ്ക്ക് നൽകുന്നതിന് താല്പര്യമുള്ള വാഹന ഉടമകളിൽ നിന്നും ടെണ്ടറുകൾ ക്ഷണിക്കുന്നു. വാഹനത്തിന് 7 വർഷത്തിൽ കൂടുതൽ പഴക്കമുണ്ടാകരുത്. ടാക്സി പെർമിറ്റ് നിലവിലുണ്ടായിരിക്കണം. പ്രതിമാസം 2000 കി.മീ വരെ ഓടുന്നതിന് അനുവദിക്കാവുന്ന പരമാവധി തുക 25,000/- രൂപയാണ്. ഈ പരിധിയിൽ നിജപ്പെടുത്തി എത്ര രൂപയ്ക്ക് കരാർ ഏറ്റെടുക്കാനാവുമെന്നത് ടെണ്ടറിൽ കാണിക്കണം. 2000 കിലോ മീറ്ററിൽ കൂടുതൽ ഓടുന്ന പക്ഷം ഓരോ കിലോ മീറ്ററിനുമുള്ള നിരക്കും എത്രയെന്ന് ടെണ്ടറിൽ കാണിക്കേണ്ടതാണ്.

കരാർ ഉറപ്പിക്കുന്ന പക്ഷം കരാർ തുകയുടെ 1% TDS ഇനത്തിൽ വസൂലാക്കി കരാറുകാരന്റെ പാൻ അക്കൗണ്ടിൽ ഒടുക്കുന്നതാണ്.

ടെണ്ടർതുക-2,50,000/-രൂപ

നിരതദ്രവ്യം-2500/-രൂപയുടെ ഡിമാന്റ് ഡ്രാഫ്റ്റ് (സാമൂഹ്യ നീതി ഡയറക്ടറുടെ പേരിൽ എടുത്തത്)

ടെണ്ടർഫോറത്തിന്റെ വില-500രൂപ+VAT = 562/- രൂപ

ഫോറംവിൽപ്പന അവസാനിപ്പിക്കുന്ന തീയതിയും സമയവും:27/05/2017 വൈകുന്നേരം 5 മണി

ടെണ്ടറുകൾസമർപ്പിക്കേണ്ട അവസാന തീയതിയും സമയവും: 29/05/2017 ഉച്ചക്ക് 1 മണി വരെ

ടെണ്ടർതുറക്കുന്ന തീയതിയും സമയവും:29/05/2017 ഉച്ചക്ക്ശേഷം 3 മണി

ടെണ്ടർ ഫോറത്തോടൊപ്പം 200 രൂപ മുദ്രപ്പത്രത്തിൽ പ്രാഥമിക എഗ്രിമെന്റ് വയ്ക്കേണ്ടതാണ്. വാഹനത്തിന്റെ ആർ.സി ബുക്ക്, ടാക്സി പെർമിറ്റ്, ഇൻഷുറൻസ് പൊല്യൂഷൻ സർട്ടിഫിക്കറ്റ് എന്നിവയുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പും, കരാർ തുകയുടെ 1% കരുതൽ തുകയായി (EMD) സാമൂഹ്യ നീതി ഡയറക്ടറുടെ പേരിൽ എടുത്ത DD അല്ലെങ്കിൽ ബാങ്കേഴ്സ് Cheque ടെണ്ടറിനോടൊപ്പം സമർപ്പിക്കേണ്ടതാണ്. ടെണ്ടർ അംഗീകരിക്കുന്ന പക്ഷം കരാർ തുകയുടെ 5% സെക്യൂരിറ്റി ഡെപ്പോസിറ്റും 200 രൂപയുടെ മുദ്രപ്പത്രത്തിൽ എഗ്രിമെന്റും വയ്ക്കേണ്ടതാണ്. ഏതെങ്കിലും കാരണങ്ങളാൽ സമർപ്പിക്കപ്പെട്ട ടെണ്ടറുകൾ നിരസിക്കുവാനുള്ള അധികാരം സാമൂഹ്യ നീതി ഡയറക്ടറിൽ നിക്ഷിപ്തമായിരിക്കും.

ടെണ്ടറുകൾ ഉള്ളടക്കം ചെയ്ത കവറിന് പുറത്ത് "കരാർ വാഹനം ടെണ്ടർ" എന്ന് രേഖപ്പെടുത്തിയിരിക്കണം. ടെണ്ടറുകൾ സമർപ്പിക്കേണ്ട മേൽവിലാസം: സാമൂഹ്യ നീതി ഡയറക്ടർ, സംയോജിത ശിശു സംരക്ഷണ പദ്ധതി, സാമൂഹ്യ നീതി ഡയറക്ടറേറ്റ് അനക്സ് (ജയിൽ ആസ്ഥാന കാര്യാലയത്തിന് എതിർവശം), പൂജപ്പുര, തിരുവനന്തപുരം 695012.

കൂടുതൽ വിവരങ്ങൾ പൂജപ്പുരയിൽ പ്രവർത്തിക്കുന്ന ICPS ഓഫീസിൽ നിന്നും ലഭ്യമാണ്.

OFFICE OF THE INTEGRATED CHILD PROTECTION SCHEME
THIRUVANANTHAPURAM-12
SOCIAL JUSTICE DEPARTMENT

സാമൂഹ്യ നീതി ഡയറക്ടർക്ക് വേണ്ടി